**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3014** **21.08.2017 ൽ മറുപടിയ്ക്ക്**

**"വിഷരഹിതമായ പഴം-പച്ചക്കറി"**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന് പുറത്തുനിന്നും എത്തുന്ന പച്ചക്കറി, പഴം എന്നിവ വിഷരഹിതമാണ് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് അതിർത്തി ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറികളിലെ വിഷാംശം കണ്ടെത്താനുള്ള സ്ഥിരം സംവിധാനം ചെക്ക് പോസ്റ്റുകളിൽ നിലവിലില്ല. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നതുൾപ്പെടെ പച്ചക്കറികളിലെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക് പോസ്റ്റുകളിൽ വച്ച് ശേഖരിച്ച് ഉടൻ തന്നെ കീടനാശിനിയുടെ സാന്നിദ്ധ്യം ഉൾപ്പെടെ പരിശോധിച്ച് ലഭ്യമാക്കുന്ന രീതിയിലുള്ള ഉപകരണങ്ങൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ അത്തരത്തിലുള്ള പരിശോധനാ സംവിധാനം ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്താൻ നിലവിൽ നിർവ്വാഹമില്ല |
| (ബി) ഇതു സംബന്ധിച്ച് ഇതിനോടകം കേസുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ നിന്നും വന്ന തക്കാളി കറിവേപ്പില എന്നിവയിലും ഇടുക്കി, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും വന്ന കറിവേപ്പിലയിലും കീടനാശിനിയുടെ അംശം കണ്ടെത്തിയതിനാൽ കേസുകൾ രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് ജില്ലകളിൽ പരിശോധനയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല. |
| (സി) പച്ചക്കറി വിപണനകേന്ദ്രങ്ങളിൽ വില്പനയ്ക്ക് വച്ചിരിക്കുന്ന പച്ചക്കറികളിലും പഴങ്ങളിലും വിഷാംശം ഉണ്ടോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) യും (ഡി) യും | വിപണനകേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിലും വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിലും പരിശോധിച്ച് ഫലം പ്രസിദ്ധപ്പെടുത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**